**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** | **01-03-2023 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ മേഖലയിൽ തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിലയിരുത്താറുണ്ട്. തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നു എന്ന ആക്ഷേപം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ക്ഷേമനിധി ബോർഡുകളിൽ അടയ്ക്കുന്നതിന് തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന തുക ബോർഡിൽ അടയ്ക്കാതെയും അവർക്ക് ബോർഡിന്റെ ഐഡന്റിറ്റി കാർഡ് നൽകാതെയും മാസാമാസം വൻതുക തൊഴിലാളി സംഘടനകൾ പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | (ബി) | അത്തരത്തിൽ ഒരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ നേരിട്ടോ ബാങ്ക് മുഖേനയോ അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം പദ്ധതി തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതി വ്യവസ്ഥാനുസരണം, അംഗങ്ങളായി ചേരുന്നവർക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും നേരിട്ട് ഐഡൻറിറ്റി കാർഡ് നൽകിവരുന്നുണ്ട്. തൊഴിലാളികളെ കബളിപ്പിക്കുന്ന അംഗീകാരമില്ലാത്ത സംഘടനകൾ/വ്യക്തികൾ എന്നിവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി പരിശോധിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | അസംഘടിത തൊഴിലാളികളെ സംഘടിപ്പിച്ച് ക്ഷേമനിധി ബോർഡുകളിൽ അടയ്ക്കാനെന്ന വ്യാജേന മൈക്രോ ഫിനാൻസ് യൂണിറ്റുകളും ചാരിറ്റി ഇൻസ്റ്റിറ്റ്യൂഷനുകളും രൂപീകരിക്കുകയും തട്ടിപ്പുകൾ നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള പരാതികൾ ലഭ്യമായാൽ ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഏറ്റവും കൂടുതൽ സ്ത്രീകൾ അംഗങ്ങളായുള്ള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെയും ഐ.ഡി. കാർഡ് കാര്യക്ഷമമായി വിതരണം | (ഡി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2022 ജൂലൈ മാസം വരെ രജിസ്ട്രേഷൻ പൂർത്തീകരിച്ച അംഗങ്ങളുടെ ഐ.ഡി കാർഡ് |

| | | | |
|---|---|---|---|
| | ചെയ്തിട്ടില്ല എന്ന ആക്ഷേപം പരിശോധിക്കുമോ; തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിന് പകരം ചാരിറ്റി സൊസൈറ്റികളിലേക്ക് അംഗങ്ങളെ ചേർക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുമോയെന്ന് അറിയിക്കാമോ? | | വിതരണം ചെയ്തിട്ടുണ്ട്. ആഗസ്റ്റ് -സെപ്തംബർ മാസങ്ങളിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച അംഗങ്ങളുടെ ഐ.ഡി കാർഡുകൾ വിതരണത്തിനായി കൈമാറിയിട്ടുണ്ട്. 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ രജിസ്ട്രേഷൻ പൂർത്തീകരിച്ച തൊഴിലാളികളുടെ ഐ.ഡി കാർഡുകൾ പ്രിന്റിംഗിനായി നൽകിയിട്ടുണ്ട്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിനു പകരം ചാരിറ്റി സൊസൈറ്റികളിലേയ്ക്ക് അംഗങ്ങളെ ചേർക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ